# ആലുവ തൃക്കുന്നത്ത് സെമിനാരിയും പള്ളിയും

**ഷെവ. പി. കെ. പൗലോസ് കൂരൻ**
അങ്കമാലി ഭദ്രാസന ജോയിന്റ് സെക്രട്ടറി







ആലുവ തൃക്കുന്നത്ത് സെമിനാരിയെന്ന ശ്രവണമാത്രയിൽ സുറിയാനി സഭാംഗങ്ങളുടെ മനോമുകുളത്തിൽ തെളിയുന്നത് പരിശുദ്ധ പൗലോസ് മോർ അത്താനാസ്യോസ് വലിയതിരുമേനിയുടെ മുഖമാണ്. ആലുവ തൃക്കുന്നത്ത് സെമിനാരി വിശുദ്ധനായ വലിയതിരുമേനിയുടെ വിശുദ്ധ ജീവിതം കൊണ്ട് വിശുദ്ധി നേടിയ വിശുദ്ധ സ്ഥലമാണ്. തൃക്കുന്നത്ത് സെന്റ് മേരീസ് പള്ളിയുടെ സ്ഥാപകൻ അമ്പാട്ട് ഗീവറുഗീസ് മോർ കൂറീലോസ് തിരുമേനിയും സെമിനാരിയുടെ സ്ഥാപകൻ കടവിൽ (കൂരൻ) പൗലോസ് മോർ അത്താനാസ്യോസ് തിരുമേനിയുമാണ്. പക്ഷെ ഇതു രണ്ടും പണിയിപ്പിച്ചത് കുറ്റിക്കാട്ടിൽ കൊച്ചുപൗലോസ് റമ്പാനായിരുന്ന പരിശുദ്ധ വലിയതിരുമേനിയാണ്.

ആലുവായിൽ ഒരു പള്ളി സ്ഥാപിക്കണമെന്ന് എം.ഡി. സെമിനാരി മൽപ്പാനായിരുന്ന കടവിൽ പൗലോസ് കത്തനാർ (പൗലോസ് മോർ അത്താനാസിയോസ് മെത്രാപ്പോലീത്ത), അമ്പാട്ട് ഗീവർഗീസ് കത്തനാർ (മോർ കൂറീലോസ് മെത്രാപ്പോലീത്ത), വടക്കൻ പറവൂർ കുളങ്ങര തീത്തൂസ് കത്തനാർ (അങ്കമാലി ഭദ്രാസനവികാരി ജനറൽ), വടക്കൻ പറവൂർ ഇടപ്പിള്ളി കുളങ്ങര ഗീവറുഗീസ് കത്തനാർ എന്നിവർ കൂടി തീരുമാനിച്ചു. ചെലവുകൾക്കായി ആയിരം രൂപ നാലുപേരും കൂടി തുല്യമായി എടുക്കാമെന്നും

അതിന്റെ ചുമതല അമ്പാട്ട് ഗീവർഗീസ് കത്തനാർക്ക് ആയിരിക്കുമെന്നും നിശ്ചയിച്ചു. എന്നാൽ അത് പ്രാവർത്തികമാക്കുവാൻ സാധിച്ചില്ല.

മുളന്തുരുത്തി സുന്നഹദോസിനെ തുടർന്ന് മലങ്കരസഭയെ ഏഴ് ഭദ്രാസനങ്ങളായി വിഭജിക്കുകയും അങ്കമാലി ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയായി അമ്പാട്ട് ഗീവർഗീസ് മോർ കൂറീലോസ് തിരുമേനി നിയമിക്കപ്പെടുകയും ചെയ്തു. തിരുമേനി ഭദ്രാസനത്തിന്റെ ചുമതല ഏറ്റപ്പോൾ മുതൽ ആലുവായിൽ പള്ളി സ്ഥാപിക്കണമെന്ന് ഉള്ളതായ കാര്യം വീണ്ടും സജീവമായി. ആലുവ ചൂണ്ടിയിലായിരുന്നു ആദ്യം പള്ളിക്ക് സ്ഥലം തീരുമാനിക്കപ്പെട്ടത് എന്നാണ് കേട്ടറിവ്. പിന്നീടാണ് ഇപ്പോൾ പള്ളി യിരിക്കുന്ന സ്ഥലമാകട്ടെയെന്ന് നിശ്ചയിച്ചത്. ‘‘കടുവാക്കാട്’’ എന്നറിയപ്പെട്ടിരുന്ന നാൽപതേക്കറോളം സ്ഥലമാണ് അമ്പാട്ട് തിരുമേനി പള്ളിക്ക് സർക്കാരിൽ നിന്നും പതിപ്പിച്ചെടുത്തത് എന്നാണ് അറിവ്. ഇതിന് സാമ്പത്തിക സഹായം നൽകിയത് കോത മംഗലം ചെറിയപള്ളിയാണ്. സെമിനാരിയുടെ കിഴക്കുവശത്തായിട്ടുള്ള പോലീസ് ക്വാർട്ടേഴ്സുകൾ, വിവിധ പൊതുമരാമത്ത് ഓഫീസുകൾ, പോലീസ് സ്റ്റേഷനുകൾ, സബ് ജയിൽ, റിക്രിയേഷൻ ഗ്രൗണ്ട്, കോടതി സമുച്ചയം, സബ് ട്രഷറി ഇവയെല്ലാം സ്ഥിതി ചെയ്യുന്ന സ്ഥലങ്ങൾ എല്ലാം ഒരുകാലത്ത് സെമിനാരി വകയായിരുന്നു. സെമി നാരിക്ക് ചുറ്റുമായിട്ടുള്ള മുഴുവൻ സ്ഥലങ്ങളും സെമിനാരിയുടേതായിരുന്നു.

സെമിനാരിയും പള്ളിയും ഇരിക്കുന്ന സ്ഥലത്തിന്റെ പേര് തൃക്കന്നൂർ പുരയിടമെന്നാ യിരുന്നു. കടുവകളും, കള്ളിമുൾചെടികളും നിറഞ്ഞ ഈ സ്ഥലത്തുകൂടിയുള്ള യാത്ര അതിദുഷ്കരമായിരുന്നു. മോർ കൂറിലോസ് തിരുമേനി കുതിരപ്പുറത്തായിരുന്നു ഇതിലെ സഞ്ചരിച്ചിരുന്നതെന്നാണ് കേട്ടിട്ടുള്ളത്. കള്ളിക്കാട് എളുപ്പം വെട്ടിവെളുപ്പിക്കു ന്നതിനായി തിരുമേനി സ്വർണ്ണനാണയങ്ങൾ കാട്ടിലേക്ക് എറിയുകയും അതെടുക്കാ നായി ആളുകൽ കാടുകൾ വെട്ടിവെടിപ്പാക്കിയെന്നും പഴമക്കാർ പറഞ്ഞുകേട്ടിട്ടുണ്ട്. പള്ളി പണിയുന്നതിനായി തിരുമേനിക്ക് 1055 ആനിമാസം ഏഴാം തീയതി 1404–ാം നമ്പ റായി സർക്കാരിൽ നിന്നും ഉത്തരവ് ലഭിച്ചു. അതിന്റെ പൂർണ്ണരൂപം താഴെ ചേർക്കുന്നു.

നമ്പർ 1404–ാമത് ജമാബത്തി
കുന്നത്തുനാട് മണ്ടപത്തും വാതുക്കൽ
കച്ചേരിയിൽ നിന്നും മലങ്കരെ അങ്കമാലി
മുതലായ പള്ളികളുടെ മേലധികാരികൾക്ക് എഴുതിയ നോട്ടീസ്സ്

പള്ളിവക ആലുവ കരയിൽ പണ്ടാരവക പാട്ടം പതിഞ്ഞിരിക്കുന്ന തൃക്കന്നൂർ പുരയി ടത്തിൽ ഒരു പള്ളി വയ്പാൻ അനുവാദമുണ്ടാകണമെന്ന് അപേക്ഷിച്ച് വിചാരണ നടത്തി എഴുതി ബോധിപ്പിച്ച് എഴുതി അയച്ചിരുന്നതിന് അതിൻവണ്ണം അനുവദിച്ച് കല്പനപ്രകാരം എഴുതി ചെന്ന് ഹാജൂരിൽ നിന്നും ജമാബത്തി 6363–ാമത് നമ്പറിൽ ഇടവമാസം 11–ന് എഴുതിയ സാധനം ചെന്നു. 1066–ാം നമ്പരിൽ എഴുതി ഉത്തരവ് വന്നി രിക്കുന്നതാകകൊണ്ട് വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

എന്ന്,

1055–ാമാണ്ട് ആനിമാസം 7–ന്
ശങ്കരൻ നാരായണൻ (ഒപ്പ്)

പള്ളിപണിക്ക് 1055–ലാണ് അനുവാദം ലഭിച്ചത്. എങ്കിലും കുറെക്കാലം കഴിഞ്ഞാണ് പണി ആരംഭിച്ചത്. 1064 കുംഭം 18–ന് പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ മോർ കൂറിലോസ് തിരുമേനി പള്ളിക്ക് കല്ലിട്ട് ദിവ്യബലി അർപ്പിച്ചു. പള്ളി പണികൾക്ക് ആവശ്യമായ ധനസമാഹരണം നടത്തിയത് അങ്കമാലി – അകപ്പറമ്പ് ഇടവകകളിൽ നിന്നും പിടിനെല്ല് പിടിയരി തുടങ്ങിയവ പരിച്ചെടുത്തും കഴിവുള്ള വ്യക്തികളിൽ നിന്ന് സംഭാവനകൾ വാങ്ങിയും ആയിരുന്നു. മോർ കൂറീലോസ് തിരുമേനിയുടെ സ്വന്ത സമ്പാദ്യവും ഇതിനായി ചെലവാക്കിയിട്ടുണ്ട്. ഇതെല്ലാമായിട്ടും ഓല കൊണ്ട് കെട്ടിമേയാനെ കഴിഞ്ഞുള്ളൂ. മോർ കൂറിലോസ് തിരുമേനിയുടെ കാലം വരെ അങ്കമാലി – അകപ്പറമ്പ് ഇടവകപ്പള്ളികളിലെ വൈദികരായിരുന്നു ആലുവാ പള്ളിയിലെ ആത്മീയ ആവശ്യങ്ങൾ നടത്തിക്കൊടുത്തിരുന്നത്. മോർ കൂറിലോസ് തിരുമേനി 1066 കുംഭം 25–ാം തീയതി കാലം ചെയ്തു. കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത കടവിൽ (കൂരൻ) പൗലോസ് മോർ അത്താനാസിയോസ് മെത്രാപ്പോലീത്ത അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തയായി ചുമതലയേറ്റു. ഇതിനകം 'ദയറോയൂസ' കൈക്കൊണ്ടിരുന്ന കുറ്റിക്കാട്ടിൽ കൊച്ചുപൗലോസ് റമ്പാൻ (പരിശുദ്ധനായ വലിയതിരുമേനി) ആലുവ പള്ളിയിൽ താമസം തുടങ്ങി. ഓല മേഞ്ഞ പള്ളിയുടെ തെക്കുവശത്തായി പള്ളിപ്പറമ്പിൽ അഴിയിട്ട ഒരു ചെറിയ കെട്ടിടവും പള്ളിയുടെ മുഖവാരത്തിനോട് ചേർന്ന് വടക്കുവശത്തായി ഏറുമാടം പോലെ പൊക്കത്തിലുള്ള ഒരു രണ്ടുനിലക്കെട്ടിടവും ഉണ്ടായിരുന്നു. അതിന് മുകളിലായിരുന്നു തിരുമേനിമാർ രാത്രികാലങ്ങളിൽ ആദ്യമൊക്കെ രാത്രി ഉറങ്ങിയിരുന്നത്.

തിരുമേനിയും റമ്പാച്ചനും ആലുവായിൽ സ്ഥിരതാമസമാക്കിയതോടെ പള്ളിപണി പുനരാരംഭിച്ചു. റമ്പാച്ചനെന്ന നിലയിൽ വടക്കൻപറവൂർ പള്ളിയിൽ നിന്നും ആദ്യമായി ലഭിച്ച പാരിതോഷികം അദ്ദേഹം സ്വന്തമായി എടുക്കാതെ പള്ളിപണിക്ക് ആവശ്യമായ കല്ല് വെട്ടിക്കാൻ നൽകുകയാണ് ചെയ്തത്. കൊച്ചുപൗലോസ് റമ്പാച്ചന്റെ അശ്രാന്തപരിശ്രമം മൂലം പള്ളിപണി ധൃതഗതിയിൽ നടന്നു. മുഖവാരത്തിന്റെ പണി ഒഴിച്ച് ബാക്കിയെല്ലാം റമ്പാച്ചൻ തന്നെ നടത്തി. മുഖവാരത്തിന്റെ പണി സഭയിലെ പ്രമുഖനായ വൈദികരുടെ നേതൃത്വത്തിലുള്ള ത്രീസസ് ശുബഹോ എന്ന സംഘം നടത്തി.

പള്ളിപണി തീർന്ന മുറയ്ക്ക് ഒരു സെമിനാരി പണിയണമെന്ന് വലിയ ആഗ്രഹമായിരുന്നു കടവിൽ തിരുമേനിക്ക്. ഇതിനായി പല ആലോചനകളും പല വേദികളിൽ നടന്നുവന്നിരുന്നു. 1008 വൃശ്ചികം 24–ന് ബെസ്സസ് ലൂസോ ദയറായിൽ (ഇന്നത്തെ കൃംതാസെമിനാരി) കൂടിയ ത്രീസസ് ശുബഹോ സംഘത്തിന്റെ കമ്മിറ്റി ആലുവായിൽ ഒരു സെമിനാരി പണിയുന്ന കാര്യം ആലോചിക്കുകയുണ്ടായി. കോതമംഗലം ചെറിയപള്ളിയിൽ 1077–ൽ കൂടിയ ത്രീസസ് ശുബഹോ സംഘത്തിന്റെ യോഗത്തിൽ സെമിനാരി സ്ഥാപനത്തെക്കുറിച്ച് ആലോചിച്ചപ്പോൾ, ആലുവ, പിറവം, മൂവാറ്റുപുഴ, മൂക്കംചേരിൽ വന്ദ്യ ഗീവറുഗീസ് റമ്പാച്ചൻ താമസിക്കുന്ന ബെസസ് ലൂസോക്കുന്ന് (കൃംതാസെമിനാരി) എന്നീ നാല് സ്ഥലങ്ങൾ പരിഗണനയ്ക്ക് വരികയുണ്ടായി. അവസാനം, ആലുവാ

യിൽ വേണമെന്ന് ഒരു വിഭാഗവും ബെസസ് ലൂസോക്കുന്നിൽ വേണമെന്ന് ഒരു വിഭാഗവും ആവശ്യപ്പെട്ടു. ഇതേ തുടർന്ന് പള്ളിയിൽ വച്ച് പ്രാർത്ഥനാപൂർവം നറുക്ക് ഇട്ട് തീരുമാനിക്കാമെന്ന് കോനാട്ട് മാത്തൻ മല്പാൻ അഭിപ്രായപ്പെടുകയുണ്ടായി. അതിൻപ്രകാരം കോതമംഗലം ചെറിയപള്ളി നടയിൽ വച്ച് നറുക്ക് ഇട്ട് തെരഞ്ഞെടുത്ത സ്ഥലമാണ് ആലുവ. സെമിനാരി ആലുവായിൽ സ്ഥാപിച്ചാലും, മറ്റ് മൂന്ന് സ്ഥലങ്ങളിലും ഓരോ ഇംഗ്ലീഷ് വിദ്യാലയങ്ങൾ സ്ഥാപിക്കണമെന്നും അന്ന് തീരുമാനിച്ചിരുന്നു. ആലുവായിൽ സെമിനാരിയോടൊപ്പം ഇംഗ്ലീഷ് വിദ്യാലയവും ആരംഭിക്കണമെന്നത് കടവിൽ തിരുമേനിയുടെ ഏറ്റവും വലിയ ആഗ്രഹം ആയിരുന്നു. ഇതിന് തിരുമേനിക്ക് പ്രോത്സാഹനം നൽകിയത് അമ്പാട്ട് മോർ കൂറിലോസ് തിരുമേനിയുടെ സഹോദരീ പുത്രൻ വടക്കൻപറവൂർ കുളങ്ങര പി. മാത്യു ബി.എ. ബി.എൽ. ആയിരുന്നു. ആലുവായിൽ ഒരു സെമിനാരി സ്ഥാപിക്കണമെന്നും, അവിടെ ഒരു ഇംഗ്ലീഷ് വിദ്യാലയം തുടങ്ങണമെന്നും അപ്രകാരം വിദ്യാലയം തുടങ്ങിയാൽ വക്കീലെന്ന നിലയിൽ തന്റെ സ്ഥാനവും വരുമാനവും ഉപേക്ഷിച്ച് യാതൊരു പ്രതിഫലവും കൂടാതെ അവിടെ സേവനം അനുഷ്ഠിക്കുവാൻ തയ്യാറാണെന്ന് വരെ അദ്ദേഹം കടവിൽ തിരുമേനിയെ ഒരു കത്തിലൂടെ അറിയിക്കുകയുണ്ടായി.

തൃക്കുന്നത്ത് സെമിനാരി സ്ഥാപിക്കുന്നത് സംബന്ധിച്ച് ഭദ്രാസനത്തിലും പുറത്തുമായി പല യോഗങ്ങളും നടത്തുകയുണ്ടായി. 1078 മീനം 19-ന് ആലുവ സെന്റ് മേരീസ് പള്ളിയിൽ അങ്കമാലി ഭദ്രാസന പള്ളി പ്രതിപുരുഷയോഗം കൂടി സെമിനാരി പണിക്കുള്ള പണം ഇടവക പള്ളികളിൽ നിന്നും കഴിവുള്ള വ്യക്തികളിൽ നിന്നും സമാഹരിക്കണമെന്ന് നിശ്ചയിച്ചു. തുടർന്ന് 1079 കുംഭം 18-ന് കടവിൽ തിരുമേനി തൃക്കുന്നത്ത് സെമിനാരിക്ക് ശിലാസ്ഥാപനം നടത്തി. പണികളുടെ ചുമതല കുറ്റിക്കാട്ടിൽ കൊച്ചുപൗലോസ് റമ്പാനായിരുന്നു. സെമിനാരി പണിയെക്കുറിച്ച് ആലോചിക്കുവാൻ 1080-ൽ വടക്കൻ പറവൂർ സെന്റ് തോമസ് യാക്കോബായ സുറിയാനി പള്ളിയിൽ കടവിൽ പൗലോസ് മോർ അത്താനാസ്യോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ അങ്കമാലി ഭദ്രാസന പള്ളി പ്രതിപുരുഷയോഗം, പണികൾക്കായി കാരുചിറ ഗീവറുഗീസ് റമ്പാൻ ചെയർമാനായും, കുറ്റിക്കാട്ടിൽ കൊച്ചുപൗലോസ് റമ്പാൻ സെക്രട്ടറിയും വയലിപ്പറമ്പിൽ ഇട്ടി മാത്തു ട്രഷററുമായ 25 അംഗ കമ്മിറ്റിയെ തെരഞ്ഞെടുത്തു. സെമിനാരി പണിക്കായി ഭദ്രാസനത്തിലെ എല്ലാ ഇടവകപള്ളികളുടെയും ഒരു വർഷത്തെ വരുമാനം വിഹിതമായി നിശ്ചയിക്കുകയും അത് ഒന്നായിട്ടോ നാല് തുല്യ തവണകളായോ പിരിച്ചെടുക്കുകയും ചെയ്യണമെന്ന് നിശ്ചയിക്കുകയും ചെയ്തു.

കമ്മിറ്റിയുടെ അശ്രാന്തപരിശ്രമം മൂലം തൃക്കുന്നത്തെ സെമിനാരിയുടെ പണികൾ എല്ലാം കൃത്യസമയത്ത് തന്നെ പൂർത്തിയായി. എന്നിരുന്നാലും തിരുമേനി ആഗ്രഹിച്ചതുപോലെ ആലുവായിൽ ഇംഗ്ലീഷ് വിദ്യാലയം തുടങ്ങുവാൻ സാധിച്ചില്ല. തിരുമേനിക്ക് പെട്ടെന്നുണ്ടായ ആലസ്യവും 28 വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന അഡ്വ. മാത്യുവിന്റെ ആകസ്മിക നിര്യാണവും ആയിരുന്നു ഇതിന് പ്രധാന കാരണങ്ങൾ. റോമൻ കത്തോലിക്കാസഭ ഇതിനിടെ ആലുവായിൽ ഇംഗ്ലീഷ് വിദ്യാലയം ആരംഭിച്ചതും മറ്റൊരു കാരണമായിരുന്നു.

കടവിൽ പൗലോസ് മോർ അത്താനാസിയോസ് തിരുമേനി കാലം ചെയ്തതിനെ തുടർന്ന് കുറ്റിക്കാട്ടിൽ കൊച്ചുപൗലോസ് റമ്പാൻ മോർ അത്താനാസ്യോസ് എന്നപേരിൽ അങ്കമാലി ഭദ്രാസനമെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു. തിരുമേനി തൃക്കുന്നത്ത് സെമിനാരിയിൽ ചുമതലയേറ്റതോടെ പള്ളിക്കര, കുറുപ്പംപടി, കോലഞ്ചേരി, മുളന്തുരുത്തി തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും യാക്കോബായ സഭാവിശ്വാസികളെ ആലുവായിൽ കൊണ്ടുവന്ന് താമസിപ്പിച്ച് ആലുവ പള്ളി ഇടവകക്കാരായിച്ചേർത്തു. തുടർന്ന് ആലുവ പള്ളി പൂർണ്ണ ഇടവക പള്ളിയായി ഉയർത്തുകയും ചെയ്തു
.

യാക്കോബായ സഭയുടെ മലങ്കര മെത്രാപ്പോലീത്തയായിരുന്ന പരിശുദ്ധ പൗലോസ് മോർ അത്താനാസ്യോസ് വലിയതിരുമേനിയുടെ കാലത്ത് സഭയുടെ ആസ്ഥാനം എന്ന നിലയിൽ 1918 മുതൽ 1953 വരെ സഭയെ സംബന്ധിച്ച സുപ്രധാനങ്ങളായ പല സംഭവങ്ങൾക്കും തീരുമാനങ്ങൾക്കും വേദിയായിരുന്നിട്ടുണ്ട് ആലുവ തൃക്കുന്നത്ത് സെമിനാരി.

പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ ശ്ലൈഹിക സന്ദർശന വേളയിൽ ആലുവ തൃക്കുന്നത്ത് പള്ളിയുടെ വി. മൂറോൻ കൂദാശ നടത്തിക്കണമെന്നായിരുന്നു നിശ്ചയിച്ചിരുന്നത്. പക്ഷെ പരിശുദ്ധ പിതാവിന്റെ ആകസ്മിക വേർപാട് മൂലം അത് സാധിച്ചില്ല. അഭിവന്ദ്യനായ ഏലിയാസ് മോർ യൂലിയോസ് ബാവ പരിശുദ്ധ പാത്രിയർക്കീസ് ബാവായോടൊപ്പം വന്ന അഭിവന്ദ്യനായ മോർ ക്ലീമ്മീസ് ബാവാ, പരിശുദ്ധനായ വലിയ തിരുമേനി എന്നീ പിതാക്കന്മാർ ചേർന്ന് 1932 മീനം 24–ന് ആലുവ പള്ളിയുടെ വി. മൂറോൻ കൂദാശ നടത്തി.

ആലുവ തൃക്കുന്നത്ത് സെമ്മിനാരിയിലെ താമസവേളയിൽ, പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ തിരുമനസ് കൊണ്ട് സെമിനാരിയെക്കുറിച്ച് കല്പിച്ചിരുന്നത് ''ഇതു നമ്മുടെ സ്വന്തഭവനം, നമ്മുടെ വിശ്രമകേന്ദ്രം, ഇത് നമ്മുടെ ആശ്വാസം, ഇത് നമ്മുടെ അമ്മവീട്'' എന്നിപ്രകാരമായിരുന്നു.

മുളന്തുരുത്തി സുന്നഹദോസോടെ മലങ്കരയിൽ സഭാസ്വത്ത്, ഭദ്രാസനസ്വത്ത്, ഇടവകസ്വത്ത് എന്നിപ്രകാരം മൂന്നുവിധ സ്വത്തുക്കളും മൂന്നുവിധ ട്രസ്റ്റ് സംവിധാനവും നിലവിൽ വന്നു. ഓരോ ട്രസ്റ്റുകളും സ്വതന്ത്രവും എന്നാൽ വേർപെടുത്തുവാൻ പറ്റാത്തവിധം അന്യോന്യം ബന്ധപ്പെട്ടിട്ടുള്ളതും പരസ്പരപൂരകങ്ങളുമാണ്. ഓരോന്നിന്റെയും ഭരണസമിതികളും പ്രത്യേകം പ്രത്യേകമായിരുന്നു. ഇടവകസ്വത്തുക്കളിൽ ഭദ്രാസനത്തിനോ ഭദ്രാസന സ്വത്തുക്കളിൽമേൽ ഇടവകയ്ക്കോ യാതൊരു അവകാശവും ഇല്ല. അതുകൊണ്ടാണ് 1910–ലെ വട്ടിപ്പണക്കേസിൽ പൊതുസ്വത്തുക്കളുടെ പട്ടിക സമർപ്പിക്കുവാൻ കോടതി ആവശ്യപ്പെട്ടപ്പോൾ ഇരുവിഭാഗവും തൃക്കുന്നത്ത് സെമിനാരി ഉൾപ്പെടെ പല വസ്തുവകകളും ലിസ്റ്റിൽ നിന്നും ഒഴിവാക്കിയത്.

മുളന്തുരുത്തി സുന്നഹദോസ് നിശ്ചയപ്രകാരം ത്രിവിധ ട്രസ്റ്റ് സംവിധാനം നിലവിൽ ഉണ്ടായിരുന്നതുകൊണ്ടാണ് സെമിനാരി സ്ഥാപകനായ കടവിൽ തിരുമേനി തന്റെ കാലശേഷം, തൃക്കുന്നത്ത് സെമിനാരിയുടെ ഭരണം മലങ്കര മെത്രാപ്പോലീത്ത ആയി

രുന്ന ജോസഫ് മോർ ദീവന്നാസ്യോസ് തിരുമേനിക്ക് നൽകാതെ ആലുവാ സെമിനാരിയുടെ ഭരണത്തിനായി അങ്കമാലി ഭദ്രാസന പൊതുയോഗനിയന്ത്രണത്തിലുള്ള മൂന്നംഗ ഭദ്രാസനട്രസ്റ്റ് രൂപീകരിക്കുവാനും തീരുമാനിച്ചത്. കാരുചിറ ഗീവറുഗ്ഗീസ് റമ്പാൻ, കുറ്റിക്കാട്ടിൽ കൊച്ചുപൗലോസ് റമ്പാൻ, അകപ്പറമ്പ് പൈനാടത്ത് ഔസേഫ് ശെമ്മാശൻ എന്നിവരായിരുന്നു ട്രസ്റ്റ് അംഗങ്ങൾ. 1078 വൃശ്ചികം ഏഴാം തീയതി പറവൂർ സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത വിൽപത്രപ്രകാരം തൃക്കുന്നത്ത് സെമിനാരിയും സ്വത്തുക്കളും ഈ ട്രസ്റ്റിന് വിട്ടുകൊടുത്തു.

അങ്കമാലി ഭദ്രാസനത്തിലെ ഇടവക പള്ളികളിൽ നിന്നും നിർബന്ധിത പിരിവ് വഴി സമാഹരിച്ച പണം ഉപയോഗിച്ച് പണിയിച്ച സ്ഥാപനമായതിനാൽ സെമിനാരിയും സ്വത്തുക്കളും അങ്കമാലി ഭദ്രാസനത്തിന് മാത്രം അർഹതപ്പെട്ടതാണെന്ന് തിരുമേനിക്ക് ഉത്തമബോധ്യവും വിശ്വാസവും ഉണ്ടായതുകൊണ്ടാണ് തിരുമേനി ഇപ്രകാരമൊരു ട്രസ്റ്റ് രൂപീകരിച്ചതും വിൽപത്രം തയ്യാറാക്കിയതും. വിൽപത്രപ്രകാരം തിരുമേനിയുടെ കുടുംബവിഹിതമായി ലഭിച്ച സ്വത്തുക്കളിൽ അധികഭാഗം തൃക്കുന്നത്ത് സെമിനാരിയിലേക്ക് നൽകി.

വിൽപത്രത്തിലെ ഒന്നാമത്തെ വ്യവസ്ഥ തന്നെ അങ്കമാലി, കോട്ടയം ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്ത പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായുടെ കീഴിലായിരിക്കുമെന്നാണ്. വിൽപത്രത്തിലെ മറ്റൊരു വ്യവസ്ഥ ട്രസ്റ്റിലും ബന്ധപ്പെട്ട കാര്യങ്ങളിലും അധികാരവും, ഇതു സംബന്ധിച്ച് അവസാനതീരുമാനമെടുക്കുവാനുള്ള അവകാശവും അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തായ്ക്കും അങ്കമാലി ഭദ്രാസന പള്ളി പ്രതിപുരുഷയോഗത്തിനുമാണെന്നാണ്.

അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്ത അങ്കമാലി ഭദ്രാസന പള്ളി പ്രതിപുരുഷയോഗത്താൽ തെരഞ്ഞെടുക്കപ്പെടുകയും പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായാൽ വാഴിക്കപ്പെടുകയും ചെയ്യുന്ന സ്ഥാനിയായിരിക്കണമെന്ന് ഭദ്രാസനത്തിന്റെ കാലം ചെയ്ത വയലിപ്പറമ്പിൽ ഗീവുഗീസ് മോർ ഗ്രീഗോറിയോസ് തിരുമേനി 19–ാം നമ്പറായി 1123 മിഥുനമാസം ഏഴാം തീയതി അങ്കമാലി സബ് രജിസ്റ്റർ ഓഫീസിൽ രജിസ്റ്റർ ചെയ്ത വിൽപത്രത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഈ വ്യവസ്ഥകൾക്ക് വിധേയമായി തെരഞ്ഞെടുക്കപ്പെടുകയും വാഴിക്കപ്പെടുകയും ചെയ്തിട്ടുള്ളത് അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്ത ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവാ മാത്രമാണ്. അങ്ങനെ വരുമ്പോൾ തൃക്കുന്നത്ത് സെമിനാരിയും സ്വത്തുക്കളും സംബന്ധിച്ച് അവസാന തീരുമാനമെടുക്കുവാൻ അർഹതപ്പെട്ടിരിക്കുന്നത് പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിൻകീഴിലുള്ള അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്ത ആയിരിക്കുന്ന ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവായ്ക്കും അങ്കമാലി ഭദ്രാസന പള്ളി പ്രതിപുരുഷയോഗത്തിനുമാണ്. അതുകൊണ്ട് ബാവാതിരുമേനിയോ കോടതിവഴിയോ മദ്ധ്യസ്ഥർ വഴിയോ വിളിച്ചുകൂട്ടുന്ന അങ്കമാലി ഭദ്രാസന പള്ളിപ്രതിപുരുഷയോഗതീരുമാനങ്ങൾ സ്വീകരിക്കുവാൻ കാതോലിക്കാവിഭാഗം തയ്യാറാകുമോ? അപ്രകാരം യോഗം വിളിച്ചുകൂട്ടുന്ന യോഗതീരുമാനം അംഗീകരിക്കുവാനും ഓർത്തഡോക്സ് പക്ഷം

സന്മനസ് കാണിച്ചാൽ ആലുവാ തൃക്കുന്നത്ത് സെമിനാരി തർക്കം ശാശ്വതമായി പരിഹരിക്കപ്പെടും. സഭയുടെ ദൗത്യം ഉൾക്കൊണ്ടുകൊണ്ട് ക്രിസ്തീയ വീക്ഷണവും സാഹോദര്യസ്നേഹവും ക്രൈസ്തവദർശനവും പ്രകടിപ്പിക്കുവാൻ കാതോലിക്കാ പക്ഷം തയ്യാറായാൽ മാത്രമേ ആലുവാ തൃക്കുന്നത്ത് സെമിനാരി പ്രശ്നത്തിന് പരിസമാപ്തിയാകൂ.

*Source:* വിശ്വാസസംരക്ഷകൻ

*July 2005 issue*